REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-05-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കേരളത്തിന്റെ മുഖ്യമന്ത്രി ആരാവുമെന്നത് സംബന്ധിച്ച കോൺഗ്രസ് ഹൈക്കമാൻഡിന്റെ ചർച്ച ഡൽഹിയിൽ പുരോഗമിക്കുന്നു. തീരുമാനം ഇന്നുണ്ടായേക്കും.**
- **പുതുച്ചേരി മുഖ്യമന്ത്രിയായി N.രംഗസാമി രാവിലെ സത്യപ്രതിജ്ഞ ചെയ്യും. തമിഴ്നാട്ടിൽ C ജോസഫ് വിജയിയുടെ നേതൃത്വത്തിലെ TVK ഗവൺമെന്റ് ഇന്ന് വിശ്വാസ വോട്ട് തേടും.**
- **മലപ്പുറം മങ്കടയിൽ മിന്നലേറ്റ് മരിച്ച നാല് വിദ്യാർത്ഥികളുടെ സംസ്കാരം ഇന്ന്.**
- **ഭാവി വളർച്ചയെ രൂപപ്പെടുത്തുന്ന മുൻനിര രാജ്യങ്ങളിലൊന്നായി ഇന്ത്യ ഉയർന്നുവരികയാണെന്ന് കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാൻ.**
- **IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ 82 റൺസിന് പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

കേരളത്തിന്റെ മുഖ്യമന്ത്രി ആരാവുമെന്നത് സംബന്ധിച്ച അന്തിമ തീരുമാനം ഇന്നുണ്ടായേക്കുമെന്ന് സൂചന. മുതിർന്ന നേതാക്കളുമായി കോൺഗ്രസ് ഹൈക്കമാന്റ് അവസാനവട്ട ചർച്ചകൾ പൂർത്തിയാക്കി. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുമായി ഇന്നലെ നടത്തിയ കൂടിക്കാഴ്ചയിൽ നേതാക്കളെല്ലാം തീരുമാനം വൈകരുതെന്ന് ആവശ്യപ്പെട്ടു.

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുമായും സോണിയാഗാന്ധിയുമായും പ്രിയങ്കാഗാന്ധിയുമായും ഇന്ന് ചർച്ച ചെയ്ത ശേഷമാവും അന്തിമ തീരുമാനം. തുടർന്ന് ഘടകകക്ഷികളെ വിവരം ഔദ്യോഗികമായി അറിയിച്ച് പിന്തുണ തേടും. KPCC മുൻ അധ്യക്ഷന്മാരായ വി.എം സുധീരൻ, എം.എം ഹസ്സൻ, കെ.മുരളീധരൻ, കെ. സുധാകരൻ അച്ചടക്ക സമിതി ചെയർമാൻ തിരുവഞ്ചൂർ രാധാകൃഷ്ണൻ, വർക്കിങ് പ്രസിഡന്റുമാരായ എ.പി അനിൽകുമാർ, പി.സി വിഷ്ണുനാഥ്, ഷാഫി പറമ്പിൽ എന്നിവരുമായാണ് രാഹുൽഗാന്ധി ഇന്നലെ ചർച്ച നടത്തിയത്.

✪✪✪

പുതുച്ചേരി മുഖ്യമന്ത്രിയായി N.രംഗസാമി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. 30 അംഗ നിയമസഭയിൽ 18 സീറ്റ് നേടിയാണ് NDA സഖ്യം പുതുച്ചേരിയിൽ തുടർഭരണം ഉറപ്പിച്ചത്.

✪✪✪

തമിഴ്നാട്ടിൽ C ജോസഫ് വിജയിയുടെ നേതൃത്വത്തിലെ TVK ഗവൺമെന്റ് ഇന്ന് വിശ്വാസ വോട്ടെടുപ്പ് തേടും. 107 അംഗങ്ങളാണ് TVKക്ക്. കേവല ഭൂരിപക്ഷത്തിന് 118 സീറ്റുകളാണ് ആവശ്യം. 120 അംഗങ്ങളുടെ പിന്തുണയാണ് വിജയ് അവകാശപ്പെടുന്നത്. ഇതു കൂടാതെ AIADMK യിലെ 30 വിമത MLAമാരും വിജയിക്ക് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

മലപ്പുറം മങ്കടയിൽ മിന്നലേറ്റ് മരിച്ച നാല് വിദ്യാർത്ഥികളുടെ സംസ്കാരം ഇന്ന് നടത്തും. പോസ്റ്റ്മോർട്ടം നടപടികൾ അൽപ്പസമയത്തിനകം മഞ്ചേരി മെഡിക്കൽ കോളേജിൽ ആരംഭിക്കും. പിന്നീട് മങ്കടയിൽ പൊതുദർശനത്തിന് ശേഷം മൃതദേഹങ്ങൾ സംസ്കരിക്കും.

ഇന്നലെ വൈകീട്ട് പന്തല്ലൂർ മലയിൽ വ്യൂ പോയിന്റ് കാണാനെത്തിയ ഏഴംഗ വിദ്യാർത്ഥി സംഘത്തിലെ നാല് പേരാണ് മിന്നലേറ്റ് മരിച്ചത്. വെള്ളില സ്വദേശികളായ റഹീസ്, ബഹാസ്, സിയാദ്, ഫഹദ് എന്നിവരാണ് മരിച്ചത്. മൂന്നു പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ഇവർ മഞ്ചേരി മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്.

മലപ്പുറം പൂക്കോട്ടൂരിൽ വെള്ളക്കെട്ടിൽ വീണ് നാലും, ഏഴും വയസ്സായ രണ്ടു കുട്ടികളും ഇന്നലെ മരിച്ചു. മേൽമുറി പടിഞ്ഞാറെമുക്ക് സ്വദേശി അഫ്സലിന്റെ മകൻ ആദിൽ മിറാഷ്, അഫ്സലിന്റെ ഭാര്യാ സഹോദരിയുടെ മകൻ മുഹമ്മദ് ഫൗസാൻ എന്നിവരാണ് മരിച്ചത്. ഉച്ചയ്ക്കായിരുന്നു സംഭവം.

✪✪✪

മഹാരാഷ്ട്രയിലെ ജാട്ട് തെഹ്സിലിൽ കാറ്റിലും മഴയിലും ക്ഷേത്രത്തിന്റെ മതിലിടഞ്ഞ് ആറ് പേർ മരിച്ചു. 15 ഓളം പേർക്ക് പരിക്കേറ്റു. കാറ്റ് ആഞ്ഞടിച്ചപ്പോൾ ജനങ്ങൾ മതിലിനു സമീപത്തേക്ക് മാറിയതിനു തൊട്ടുപിന്നാലെയാണ് അപകടമുണ്ടായത്. സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദുഃഖം അറിയിച്ചു. മരിച്ചവരുടെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നുവെന്നും പരിക്കേറ്റവർ അതിവേഗം സുഖം പ്രാപിക്കട്ടെയെന്നും അദ്ദേഹം സാമൂഹികമാധ്യമത്തിൽ കുറിച്ചു.

✪✪✪

ഭാവി വളർച്ചയെ രൂപപ്പെടുത്തുന്ന മുൻനിര രാജ്യങ്ങളിലൊന്നായി ഇന്ത്യ ഉയർന്നുവരികയാണെന്ന് കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു. സാങ്കേതിക വിപണി എന്ന നിലയിൽ നിന്ന് സാങ്കേതിക വികസനദാതാവായും വിശ്വസനീയമായ ആഗോള പങ്കാളിയായും രാജ്യം മാറുകയാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

ഇന്ത്യ-ഫ്രാൻസ് നവീകരണ വർഷത്തിന്റെ ഭാഗമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഭാരത് ഇന്നൊവേറ്റ്സ്-2026 പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

പശ്ചിമേഷ്യൻ പ്രതിസന്ധി മൂലമുണ്ടായ ഊർജ്ജ വിതരണ തടസ്സങ്ങൾ ജനങ്ങളെ വലിയ തോതിൽ ബാധിക്കാതെ ഗവൺമെന്റ് കൈകാര്യം ചെയ്തിട്ടുണ്ടെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി പറഞ്ഞു. ആഭ്യന്തര ഉൽപാദനം 36,000 ൽ നിന്ന് 54,000 മെട്രിക് ടണ്ണായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയിലെ എണ്ണക്കമ്പനികൾക്ക് പ്രതിദിനം 1,000 കോടി രൂപ നഷ്ടമാകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. ഇന്ത്യയിൽ 60 ദിവസത്തേക്ക് ആവശ്യമായ ക്രൂഡ് ഓയിലും LNGയും 45 ദിവസക്കേക്കാവശ്യമായ LPGയും കരുതൽ ശേഖരമായി ഉണ്ടെന്നും വിതരണത്തിൽ പ്രശ്നങ്ങളില്ലെന്നും ഹർദീപ് സിംഗ് പുരി അറിയിച്ചു.

✪✪✪

ഇന്ത്യ-ഭൂട്ടാൻ ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് ലോക്സഭാ സ്പീക്കർ ഓം ബിർളയുടെ നേതൃത്വത്തിലെ ഉന്നതതല ഇന്ത്യൻ പാർലമെന്ററി സംഘം ഇന്ന് മുതൽ ഭൂട്ടാൻ സന്ദർശിക്കും. സിക്കിമിലെ രാജ്യസഭാ എം.പി ഡി.ടി. ലെപ്ച, ത്രിപുരയിലെ ലോക്സഭാഗം എംപി ബിപ്ലബ് കുമാർ ദേബ്, വിദേശകാര്യ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ തുടങ്ങിയവരാണ് 51 അംഗ സംഘത്തിൽ.

✪✪✪

ഈ വർഷത്തെ നീറ്റ്, UG ചോദ്യപ്പേപ്പർ ചോർച്ചക്കേസിൽ രാജസ്ഥാൻ പൊലീസിന്റെ പ്രത്യേക അന്വേഷക സംഘം 15 പേരെ കസ്റ്റഡിയിലെടുത്തു. ചോദ്യപ്പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട പണമിടപാടുകൾ, പരീക്ഷയ്ക്ക് മുന്നോടിയായി എവിടെയെല്ലാം ചോദ്യപ്പേപ്പർ ലഭിച്ചു, ആരെല്ലാമാണ് ഇത് പ്രചരിപ്പിച്ചത് തുടങ്ങയവ സംബന്ധിച്ച് എല്ലാ തലത്തിലും അന്വേഷണം പുരോഗമിക്കുന്നതായി രാജസ്ഥാൻ പൊലീസ് അറിയിച്ചു. ഇന്നലെ ജയ്പൂരിൽ നിന്ന് ചോദ്യപ്പേപ്പർ ചോർച്ചയുടെ സൂത്രധാരനായ മനീഷ് എന്നയാളെ പ്രത്യേക അന്വേഷക സംഘം അറസ്റ്റ് ചെയ്തിരുന്നു. കഴിഞ്ഞ ഏഴാം തിയതി ഡെറാഡൂണിൽ നിന്ന് രാജസ്ഥാൻ പൊലീസ് അഞ്ച് പേരെ അറസ്റ്റ് ചെയ്തിരുന്നു. സിക്കാർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കരിയർ കൗൺസിലറും മുഖ്യ സൂത്രധാരനുമായ രാകേഷ്കുമാറും അറസ്റ്റിലായവരിൽ ഉൾപ്പെടുന്നു.

✪✪✪

ആകാശവാണിയുടെ 90-ാം വാർഷികത്തിന്റെ ഭാഗമായി പ്രക്ഷേപണത്തിന്റെ 75 വർഷങ്ങൾ പിന്നിട്ട കോഴിക്കോട് നിലയം സംഘടിപ്പിക്കുന്ന മിനി ലിറ്ററേച്ചർ ഫെസ്റ്റ് 'LEGACY 2026' ന്റെ ഭാഗമായി ഇന്ന് രാവിലെ 10ന് കവിതയുടെ കാൽപ്പാടുകൾ എന്ന വിഷയത്തിൽ KV സജയ് സംസാരിക്കും. PP ശ്രീധരനുണ്ണി ആമുഖ പ്രഭാഷണം നടത്തും. ഉച്ചയ്ക്ക് 12ന് പാട്ടിന്റെ പട്ടുനൂലിഴകൾ എന്ന വിഷയത്തിൽ VT മുരളി സംസാരിക്കും.

✪✪✪

ആകാശവാണി തൊണ്ണൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം നിലയം ശ്രീവരാഹം ശ്രീ ചെമ്പൈ മെമ്മോറിയൽ ട്രസ്റ്റിന്റെ സഹകരണത്തോടെ സംഗീതക്കച്ചേരി സംഘടിപ്പിച്ചു. പന്തളം എസ്സ് നവീൻ കച്ചേരി അവതരിപ്പിച്ചു. ആകാശവാണി തിരുവനന്തപുരം നിലയ മേധാവി ഡോ. എ. ജി. ബൈജു ഉദ്ഘാടനം ചെയ്തു.

✪✪✪

രണ്ട് ദിവസത്തെ CPIM സംസ്ഥാന കമ്മിറ്റി യോഗം ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും. കഴിഞ്ഞ ദിവസം ചേർന്ന പോളിറ്റ് ബ്യൂറോ യോഗത്തിലും സെക്രട്ടറിയേറ്റിലും എടുത്ത തീരുമാനങ്ങളും തെരഞ്ഞെടുപ്പ് തോൽവി അവലോകനവുമായിരിക്കും യോഗത്തിന്റെ മുഖ്യ അജണ്ടകൾ. പ്രതിപക്ഷ നേതാവ് ആരായിരിക്കണം എന്ന കാര്യത്തിലും യോഗത്തിൽ തീരുമാനമുണ്ടായേക്കും.

✪✪✪

മുസ്ലിം ലീഗ് നേതൃയോഗം രാവിലെ പാണക്കാട്ട് ചേരും. പാർട്ടി ദേശീയ - സംസ്ഥാന നേതാക്കൾ യോഗത്തിൽ പങ്കെടുക്കും. മുഖ്യമന്ത്രിയെ തീരുമാനിക്കുന്ന കാര്യത്തിലെ അനിശ്ചിതത്വം, മുസ്ലീം ലീഗിന്റെ മന്ത്രിമാരുടെ കാര്യം തുടങ്ങിയവ യോഗത്തിൽ ചർച്ചയായേക്കും.

✪✪✪

പുതിയ അധ്യയന വർഷത്തിൽ പുനരുപയോഗ സന്ദേശവുമായി കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ സഹകരണത്തോടെ ജില്ലാ ശുചിത്വ മിഷൻ 'റീയൂസ് ഹീറോസ്; ദ റിയൽ ഹീറോസ്' ക്യാമ്പയിന് തുടക്കമിട്ടു.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്............

വിദ്യാർഥികളിൽ പുനരുപയോഗ ശീലം വളർത്തുക, മാലിന്യ നിർമാർജ്ജനം ഉറപ്പ് വരുത്തുക, പ്രകൃതി വിഭവങ്ങളുടെ അമിതോപയോഗത്തിനെതിരെ ബോധവത്കരണം എന്നിവ ലക്ഷ്യമിട്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

പുതിയ ബാഗ്, കുട, ചെരുപ്പ്, യൂണിഫോം എന്നിവ ഉപയോഗിക്കുന്നതാണ് അഭിമാനമെന്ന ധാരണ മാറ്റി, പഴയ വസ്തുക്കൾ പുനരുപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തി അഭിനന്ദിക്കുകയും സമ്മാനങ്ങൾ നൽകുകയും മറ്റു കുട്ടികളെ ഈ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നതാണ് ക്യാമ്പയിൻ.

ക്യാമ്പയിന്റെ ഭാഗമായി പുനരുപയോഗ വസ്തുക്കളുമായി എത്തുന്ന വിദ്യാർഥികൾക്ക് ''എ പോസിറ്റീവ് സാക്ഷ്യപത്രം'' നൽകും. ഇതിന് വിദ്യാർഥികൾ വസ്തുക്കളോടൊപ്പം ഫോട്ടോ അപ്ലോഡ് ചെയ്യണം. പുനരുപയോഗത്തിന്റെ പ്രാധാന്യം അംഗീകരിച്ച് ഭാവിയിൽ ഈ ആശയത്തിന്റെ ഭാഗമാകുമെന്ന് അറിയിക്കുന്നവർക്ക് ''ബി പോസിറ്റീവ്'' സാക്ഷ്യപത്രവും ലഭിക്കും.

✪✪✪

കേരളത്തിന്റെ ഗാന്ധിയാണ് സുകുമാർ അഴീക്കൊടെന്ന് പരിസ്ഥിതി പ്രവർത്തക മേധാ പട്കർ അഭിപ്രായപ്പെട്ടു. കണ്ണൂരിൽ സുകുമാർ അഴീക്കോട് പുരസ്കാരം എഴുത്തുകാരൻ എം മുകുന്ദനിൽ നിന്ന് സ്വീകരിച്ച ശേഷം സംസാരിക്കുകയായിരുന്നു മേധാപട്കർ. ഭാവിയെ കുറിച്ച് അഴീക്കോടിന്റെ പ്രതീക്ഷകൾ വളരെ വ്യക്തമായിരുന്നുവെന്നും ലാളിത്യം നിറഞ്ഞതായിരുന്നു അഴീക്കോടിൻറെ ജീവിതരീതിയെന്നും അവർ പറഞ്ഞു.

തമിഴ് നോവലിസ്റ്റ് പെരുമാൾ മുരുകനും പുരസ്കാരം ഏറ്റുവാങ്ങി.

✪✪✪

IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ 82 റൺസിന് അഹമ്മദാബാദിൽ പരാജയപ്പെടുത്തി. 169 റൺസ് വിജയലക്ഷ്യം പിന്തുടർന്ന സൺറൈസേഴ്സ് ഹൈദരാബാദ് 14.5 ഓവറിൽ 86 റൺസിന് എല്ലാവരും പുറത്തായി. ഇതോടെ ഗുജറാത്ത് ടൈറ്റൻസ് പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്തെത്തി.

ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ നേരിടും. വൈകീട്ട് 7:30 ന് റായ്പൂരിലാണ് മത്സരം.

✪✪✪

കൊൽക്കത്തയിൽ ISL ഫുട്ബാളിൽ മോഹൻബഗാൻ - ഇന്റർ കാശി മത്സരം ഗോൾരഹിത സമനിലയിലായി. മോഹൻബഗാൻ 22 പോയിന്റുമായി രണ്ടാമതും, ഇന്റർകാശി 12 പോയിന്റുമായി 10-ാം സ്ഥാനത്തുമാണ്.

✪✪✪

സംസ്ഥാനത്ത് അടുത്ത ദിവസങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥവകുപ്പ് മുന്നറിയിപ്പ് നൽകി. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

✪✪✪

കൊല്ലം റയിൽവേ സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കാൻ കൂടുതൽ സമയം അനുവദിക്കത്തക്കതരത്തിൽ തീവണ്ടികളുടെ സമയം ക്രമീകരിക്കുമെന്ന് എൻ.കെ. പ്രേമചന്ദ്രൻ എം.പി അറിയിച്ചു. DRM തലത്തിൽ തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല അവലോകന യോഗത്തിനു ശേഷമാണ് പ്രേമചന്ദ്രൻ ഇക്കാര്യം അറിയിച്ചത്.

✪✪✪

പുനലൂർ നെല്ലിപ്പള്ളിയിൽ കോൺക്രീറ്റ് ഭിത്തി ഇടിഞ്ഞ് ടോറസ് ലോറിക്ക് മുകളിലേക്ക് വീണ് ഒരാൾ മരിച്ചു. സർവീസ് സ്റ്റേഷൻ തൊഴിലാളിയായ സിജു തോമസാണ് മരിച്ചത്.

✪✪✪

ഇരിട്ടി - മാക്കൂട്ടം ചുരംപാതയിൽ കാർ കൊക്കയിലേക്ക് മറിഞ്ഞ് കണ്ണൂർ മുണ്ടയാട് സ്വദേശി മരിച്ചു. കുടകിലെ ഹോംസ്റ്റേ ഉടമ KN ബാലകൃഷ്ണൻ ആണ് മരിച്ചത്. സംസ്കാരം വൈകിട്ട് കണ്ണൂർ പയ്യാമ്പലത്ത്.

✪✪✪

അതിരപ്പിള്ളി വൈശേരിയിൽ കാട്ടാന ആക്രമണത്തിൽ 2 യുവാക്കൾക്ക് പരിക്ക്. കുറ്റിച്ചിറ സ്വദേശി ആഷിൻ ആൻറോ, ചാലക്കുടി സ്വദേശി ധീരജ് എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ  ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

*News Editor & News Reader: : വി കെ സുരേഷ്*
*News Team: ഫസ്ന ഫാത്തിമ, ശരണ്യ, ശ്രുതി*
*DEO: സി കെ സുബോധ്*